## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3389 — 21.12.2012- ൽ മറുപടിക്ക്

**കാർഷികമേഖലയെ ജൈവാടിസ്ഥാനത്തിലാക്കുവാനുള്ള പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>,, അബ്ദുറഹിമാൻ രണ്ടത്താണി<br>,, എൻ. ഷംസുദ്ദീൻ | | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
| എ | കാർഷികമേഖലയെ പൂർണ്ണമായും ജൈവാടിസ്ഥാനത്തിലാക്കാൻ ലക്ഷ്യമിടുന്നുണ്ടോ; | എ | ഉണ്ട് |
| ബി | എങ്കിൽ ഇതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി | ജൈവ കാർഷിക നയം പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി 2010-11 വർഷം തെരഞ്ഞെടുത്ത 20 ബ്ലോക്കുകളിലെ 900 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 100 ലക്ഷം രൂപ ഇതിനായി ചെലവാക്കിയിട്ടുണ്ട്. 2011-12 വർഷം 3500 ഹെക്ടർ സ്ഥലത്ത് പുതുതായി ജൈവകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതിനായി 450 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ നെല്ല്, പച്ചക്കറി, കിഴങ്ങു വർഗ്ഗം, സുഗന്ധവ്യഞ്ജന വിളകൾ എന്നിവ ജൈവ രീതിയിൽ ഉൽപ്പാദിപ്പിക്കുന്നതിന് ഹെക്ടറിന് 10000/- രൂപ നിരക്കിൽ ധനസഹായം നൽകിയിട്ടുണ്ട്. 2012-13 വർഷം ബഡ്ജറ്റിൽ 10 കോടി രൂപ ഈ പദ്ധതിക്കായി വകകൊള്ളിച്ചിട്ടുണ്ട്. ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ ഇതിന് വേണ്ടി 113.25 ലക്ഷം രൂപയുടെ വിവിധ പദ്ധതികൾ തെരഞ്ഞെടുത്ത 15 പഞ്ചായത്തുകളിൽ |

ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുകയും ചെയ്യുന്നു.

| | | | |
|---|---|---|---|
| സ 1 | കൃത്രിമ വള പ്രയോഗവും കീടനാശിനി ഉപയോഗവും മൂലം സ്വാഭാവികത നഷ്ടമായ കൃഷിഭൂമി ജൈവരീതിയിലേക്ക് മാറുമ്പോഴുണ്ടാകാവുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് പഠനം നടത്തുകയും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | സ 1 | ഈ വിഷയത്തിൽ കൃഷി വകുപ്പ് പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ കേരള കാർഷിക സർവ്വകലാശാല ജൈവ കൃഷി പഠനം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ